## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **4225**

**03.02.2014** ലെ മറുപടിയ്ക്ക്

### തൊഴിൽത്തർക്കങ്ങളും വികസന പദ്ധതികളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.. വി. എം. ഉമ്മർ മാസ്റ്റർ<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>ശ്രീ.കെ. എം. ഷാജി<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള സ്വപ്നപദ്ധതികൾ തൊഴിൽത്തർക്കങ്ങളിൽപെട്ട് മുടങ്ങി, പൂർത്തീകരണത്തിൽ കാലതാമസവും നിർമ്മാണ ചെലവിൽ ഭീമമായ വർദ്ധനയുമുണ്ടായി പലപ്പോഴും നിലച്ചുപോകുന്ന അവസ്ഥ നിലനിൽക്കുന്ന കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ; | (എ) തൊഴിൽ തർക്കങ്ങൾ ആവിർഭവിക്കുന്നവയിൽ സമയോചിതമായി ഇടപെട്ട് നിയമാനുസൃതം തീർക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) ഈ പ്രശ്നം നേരിടാൻ എന്തൊക്കെ പ്രായോഗിക നടപടികളാണ് സ്വീകരിച്ചു വരുന്നത് ; വ്യക്തമാക്കുമോ; | (ബി) മർമ്മ പ്രധാന മേഖലകളിൽ (ഉദാ: വിവിധ പദ്ധതി പ്രദേശങ്ങൾ) തൊഴിൽ തർക്കങ്ങൾ ഉണ്ടാകാതെ നോക്കാൻ ജാഗ്രതാ പൂർണ്ണമായ അന്വേഷണം വകുപ്പ് തലത്തിൽ നടത്തി വരുന്നു. തൊഴിൽ തർക്കം ഉണ്ടാകുന്നതായി ഏതെങ്കിലും ഭാഗത്ത് നിന്നും (ഉടമ, തൊഴിലാളി, മീഡിയ) പരാതി ഉണ്ടായാൽ അപ്പോൾതന്നെ ടി മേഖലയിൽ അധികാര പരിധിയുള്ള തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ തർക്കത്തിൽ ഇടപെട്ട് നിയമാനുസൃതം നടപടി സ്വീകരിക്കാറുണ്ട്. |
| (സി) തദ്ദേശപദ്ധതി പ്രവർത്തനങ്ങളിൽ സംഘടിത ശക്തിയുപയോഗിച്ച് പണിയെടുക്കാതെ പണം വാങ്ങുന്ന അവസ്ഥയും, പണിയെടുത്താൽത്തന്നെ അതിഭീമമായ കൂലിക്കായി സമ്മർദ്ദം ചെലുത്തി പദ്ധതി തന്നെ ഇല്ലാതാക്കുന്ന സ്ഥിതിവിശേഷവും ഉണ്ടാകാതിരിക്കാൻ എല്ലാ ട്രേഡ് യൂണിയനുകളുമായും കൂടിയാലോചിച്ച് പോംവഴി കണ്ടെത്തി മെട്രോ റയിൽ പോലുള്ള പദ്ധതികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള സാഹചര്യമൊരുക്കുമോ? | (സി) കൊച്ചി മെട്രോ റെയിൽ പദ്ധതി മേഖലയിൽ ഇതിനകം തന്നെ ഇത്തരം സംയുക്ത സമിതികൾ രൂപീകരിച്ചുകഴിഞ്ഞു. ഉടലെടുക്കുന്ന ചുമട്ട് തർക്കം, തൊഴിൽ തർക്കം എന്നിവ സമയോചിതമായി ഇടപെട്ട് തീർപ്പാക്കാൻ വകുപ്പുതലത്തിൽ ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

Sreekala S

സെക്ഷൻ ഓഫീസർ